**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷിക്കൂട്ടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പച്ചക്കറി കൃഷിയിൽ വർദ്ധനവ് ഉണ്ടാകുവാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പച്ചക്കറി കൃഷിയിൽ വർദ്ധനവ് ഉണ്ടാകുവാൻ സഹായകരമായിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ പുരോഗതി ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെയും പ്രത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'സമഗ്ര പച്ചക്കറി വികസന പദ്ധതി' മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന്സാധിച്ചിട്ടുണ്ട്.<br><br>ഞങ്ങളും കൃഷിയിലേക്ക് എന്ന ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന 'സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ' വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെയും കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനഫലമായും സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി |

| | | | |
|---|---|---|---|
| | | | കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും നമുക്ക് സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പച്ചക്കറി ഉല്പാദനം 1.21 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചക്കറി ഉല്പാദനം 17.23 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ മേഖലയിൽ നടത്തിയിട്ടുള്ള എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ നേട്ടത്തിന് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി വിതരണം ചെയ്യുന്നു. ആയതിനായി 500 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ ടി പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം പൂർത്തീകരിച്ച് വരുന്നു. ഇതിനായി 271.5 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. കൂടാതെ 15/- രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉല്പാദിപ്പിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിതരണം നടത്തി വരുന്നു. ആയതിലേയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും, 3 രൂപ വിലവരുന്ന അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണം നടത്തി വരുന്നുണ്ട്. വിത്ത് വിതരണത്തിനായി 500 ലക്ഷം രൂപയും, തൈകളുടെ വിതരണത്തിനായി 350 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ജില്ലകൾക്ക് ഭൗതീക ലക്ഷ്യവും ഫണ്ടും അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി ഘടകം നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കൈക്കൊണ്ടു വരുന്നു. പ്രമുഖ മാധ്യമങ്ങളുടെ കാർഷിക-കാർഷികേതര മാസികകളിലൂടെയും 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ഓണം |

ലക്ഷ്യമിട്ടുകൊണ്ട് വിതരണത്തിന് തയ്യാറാക്കി നൽകി നൽകിയിട്ടുണ്ട്. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ബംഗലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), തമിഴ് നാട് കാർഷിക സർവ്വകാലശാല, വാരണാസിയിലെ ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വിഎഫ്.പി.സി.കെ.), കേരള കാർഷിക സർവ്വകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക്-പഞ്ചായത്ത് തല നഴ്സറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേനയാണ് പച്ചക്കറി വിത്ത്, തൈകൾ എന്നിവഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നത്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു.ചെടിചട്ടിയിൽ നട്ടുപിടിപ്പിച്ച 25 എണ്ണം വിവിധ ഇനം പച്ചക്കറി തൈകൾ അടങ്ങിയ 5000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 1250 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു..

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000 രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000 രൂപ വരെ ധനസഹായം നൽകുന്നു.

| | | | |
|---|---|---|---|
| | | | ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000 രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500രൂപ വരെയും സബ്സിഡി നൽകി വരുന്നു.<br><br>വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷിസാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br><br>പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000രൂപ വരെ ധനസഹായം നൽകുന്നു.<br><br>പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്.<br><br>തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന ഘടകത്തിലൂടെ ആവശ്യമായ അനുബന്ധ ഘടകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിച്ച് പച്ചക്കറി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും, പരമ്പരാഗതമായ കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.<br><br>മേൽ പറഞ്ഞിട്ടുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ ഒരോ വർഷവും പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധ്യമാകുന്നു. |
| (സി) | കൃഷിക്കൂട്ടം പദ്ധതി പ്രവർത്തനം പച്ചക്കറി ഉൽപാദനത്തിൽ ഗുണകരമായോ; വിശദാംശം നൽകുമോ? | (സി) | ഗുണകരമായിട്ടുണ്ട്.<br><br>ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയും, എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്". |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 21575 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവാൻ സന്നദ്ധവും സജ്ജവുമായ 5മുതൽ 25 പേർ അടങ്ങുന്ന കൂട്ടായ്മയാണ് കൃഷിക്കൂട്ടം)ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഉത്പാദന മേഖലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18107 കൃഷിക്കൂട്ടങ്ങളിൽ പകുതിയോളം പച്ചക്കറി കൃഷി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ